# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4219 16.12.2014- ൽ മറുപടിക്ക്

### കൈത്തറി പുനരുദ്ധാരണ പദ്ധതി

ചോദ്യം
ശ്രീ. വി. ശശി

ഉത്തരം
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

(എ) കേന്ദ്ര സർക്കാർ നടപ്പാക്കിയ കൈത്തറി പുനരുദ്ധാരണ പദ്ധതി (RRR) വഴി കേരളത്തിൽ എത്ര സംഘങ്ങൾക്ക് സഹായം നൽകി; ജില്ല തിരിച്ച് സംഘങ്ങളുടെ പേരും, അനുവദിച്ച തുകയും, ഏതെല്ലാം ഇനത്തിലാണ് സഹായം നൽകിയത് എന്നുള്ളതും വിശദമാക്കാമോ;

(എ) കേന്ദ്ര സർക്കാർ നടപ്പാക്കിയ കൈത്തറി പുനരുദ്ധാരണ പദ്ധതി പ്രകാരം കേരളത്തിൽ ആകെ 353 പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് സഹായം ലഭിക്കുന്നതിന് അർഹത നേടിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 122 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് തുക വിതരണം ചെയ്തു കഴിഞ്ഞു. രണ്ടാംഘട്ടത്തിലെ 232 സംഘങ്ങളിൽ 9 ജില്ലകളിലെ 54 സംഘങ്ങൾക്ക് പാക്കേജനുസരിച്ചുള്ള കേന്ദ്രവിഹിതം നൽകിയിട്ടുണ്ട്. റിവൈവൽ, റീഫോം ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജിൽ രണ്ടു ഘട്ടങ്ങളിലുമായി ഉൾപ്പെട്ട സംഘങ്ങളുടെ പേര്, തുക, ജില്ല എന്നിവയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

എൻ.സി.ഡി.സി വായ്പാ കുടിശ്ശിക തിരിച്ചടയ്ക്കാനും, 31.03.2010 വരെയുള്ള ബാങ്ക് വായ്പയുടെ 100%വും പലിശയുടെ 25%വും (എൻ.പി.എ ആകുന്നതു വരെയുള്ള) തിരിച്ചടവു നടത്താനും, ഐ.സി.ഡി.പി ലോൺ കുടിശ്ശിക നൽകുന്നതിനും, സംഘത്തിലെ പഴയ സ്റ്റോക്കിനും സഹായം നൽകുന്നതാണ്.

| | |
|---|---|
| (ബി) കേരളത്തിൽ നിന്ന് എത്ര തുകയുടെ സഹായ പദ്ധതിക്കാണ് കേന്ദ്ര സർക്കാരി നോട് ആവശ്യപ്പെട്ടതെന്ന് വ്യക്ത മാക്കാമോ; | (ബി) ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട സംഘങ്ങൾക്കായി കേന്ദ്ര സംസ്ഥാന വിഹിതമുൾപ്പെടെ 29.01 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. രണ്ടാംഘട്ടത്തിൽ പ്രാഥമിക സംഘങ്ങൾക്കും, ഹാന്റക്സ്, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്കുമായി കേന്ദ്രസംസ്ഥാന വിഹിതമുൾപ്പെടെ 180.73 കോടി രൂപയാണ് ആവശ്യപ്പട്ടിരുന്നത്. |
| (സി) 2010 ന് ശേഷവും കടിശ്ശികയ്ക്ക് പലിശ നൽകണമെന്ന് ജില്ലാ സഹകരണ ബാങ്കു കൾ കൈത്തറി സംഘങ്ങളോട് ആവശ്യ പ്പെട്ടിട്ടുള്ളതും,അതിനായി പുതിയ പ്രത്യേക ബോണ്ട് വെയ്ക്കണമെന്ന് ആവശ്യപ്പെട്ടി ട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതേക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാടെന്തെന്ന് വ്യക്തമാക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ കൈത്തറി സഹകരണ സംഘം അസോസിയേഷൻ 30.10.2014 ൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ സഹകരണ ബാങ്കുകളോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ജില്ലാ ബാങ്കുകളുടെ മറുപടി ലഭിച്ച ശേഷം തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**